**കേരള കാർഷിക സർവകലാശാല**

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ മെയിൽ–:- arsanakkayam@kau.in, ഫോൺ : 0483- 2848050

നമ്പർ : എ1–1068/2024(ii) തിയ്യതി : 25.03.2024

# ക്വട്ടേഷൻ നോട്ടീസ്

ഈ കേന്ദ്രത്തിലെ ടിഷ്യുകൾച്ചർ ലാബിൽ ടിഷ്യുകൾച്ചർ തൈകളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നതിന് ബി.എസ്.സി അഗ്രികൾച്ചർ/എം.എസ്.സി ബോട്ടണി/എം.എസ്.സി ബയോടെക്നോളജി യോഗ്യതയും പ്രസ്തുത ജോലികളിൽ പ്രാവീണ്യവും മുൻപരിചയവും ഉള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു.

**ജോലിയുടെ വിശദാംശങ്ങൾ :**

1. ടിഷ്യുകൾച്ചർ തൈകളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട വിവിധ സാങ്കേതിക പ്രവർത്തനങ്ങൾ (എക്സ്പ്ലാൻറ് ഒരുക്കൽ, മീഡിയ ഒരുക്കൽ) ലബോറട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ശാസ്ത്രജ്ഞന്റെ നിർദേശ പ്രകാരം ചെയ്യുക.
2. തൈകളുടെ വിവിധ വളർച്ചാ ഘട്ടങ്ങളിൽ വേണ്ടവിധം പരിപാലിക്കുക.
3. ടിഷ്യുകൾച്ചർ ലാബും ഹാർഡനിംഗ് യൂണിറ്റ് പരിസരവും വൃത്തിയായി പരിപാലിക്കുക.

**നിബന്ധനകളും**

1. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ **02/04/2024** രാവിലെ 11.30 ന് മുമ്പായി പ്രൊഫസർ & ഹെഡ്, എ.ആർ.എസ് ആനക്കയം എന്ന വിലാസത്തിൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 12 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.
2. വെള്ളക്കടലാസിൽ പേരും വിലാസവും എഴുതി ഒപ്പിട്ട് തയ്യാറാക്കിയ ക്വട്ടേഷനിൽ ഒരു ദിവസം ലഭിക്കേണ്ട തുകയാണ് രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ കവറിന് പുറത്ത് 'ടിഷ്യുകൾച്ചർ ലാബിലെ വിവിധ ജോലികളായ എക്സ് പ്ലാൻറ്, മീഡിയ എന്നിവ തയ്യാറാക്കുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തണം..
3. വിദ്യാഭ്യാസ യോഗ്യത, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതും, ക്വട്ടേഷൻ ഉറപ്പിക്കപ്പെട്ട വ്യക്തി ഒറിജിനൽ സർട്ടിഫിക്കറ്റ് കേന്ദ്രം മേധാവിയെ കാണിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.
4. ഏതെങ്കിലും സാഹചര്യത്തിൽ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കരാർ അവസാനിപ്പിക്കുകയാണെങ്കിൽ ഒരു മാസം മുമ്പ് നോട്ടീസ് നൽകേണ്ടതാണ്.
5. ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട വ്യക്തിക്ക് ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റു യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
6. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.
7. ലാബിലെ വസ്തുവകകൾ കേടുകൂടാതെ സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടപരിഹാരം ഈടാക്കുന്നതാണ്.
8. ക്വട്ടേഷൻ കാലാവധി സാധാരണ ഗതിയിൽ ഒരു വർഷം ആയിരിക്കും എന്നാൽ ജോലിയുടെ മികവ് അടിസ്ഥാനപ്പെടുത്തിയായിരിക്കും ക്വട്ടേഷൻ കാലാവധി നിശ്ചയിക്കുന്നത്. ജോലി തൃപ്തികരമല്ലാത്ത പക്ഷം ക്വട്ടേഷൻ കാലാവധി തദവസരം അവസാനിപ്പിക്കുന്നതാണ്.
9. ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഓഫീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

(ഒപ്പ്)

പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ്(ഓഫീസ്/ഫാം)

ശ്രീമതി. ജസീന. പി, അസിസ്റ്റന്റ് പ്രൊഫസർ (ഹോർട്ടികൾച്ചർ), ലാബ് ഇൻ ചാർജ്ജ്

ആനക്കയം പഞ്ചായത്ത് ഓഫീസ്/ആനക്കയം വില്ലേജ് ഓഫീസ്/ആനക്കയം കൃഷിഭവൻ